No. of Printed Pages : 4 **BMYLA-135**

**B.A General**

# Term-End Examination

**June, 2023**

**BMYLA-135: Modern Indian Language : Malayalam**

*Duration : 3 Hours* *Maximum Marks: 100*

പ്രിന്റഡ് പേജുകളുടെ എണ്ണം: 4 **BMYLA-135**

**ബി.എ. ജനറല്.**

**ടേം-അവസാന പരീക്ഷ**

ജൂണ് - 2023

**BMYLA-135: മോഡേണ് ഇന്ത്യന് ലാംഗേജ്: മലയാളം.**

*സമയം: 3 മണിക്കൂർ* *പരമാവധി മാർക്ക്: 100*

---

സൂചനകൾ:

1. എല്ലാ ചോദ്യങ്ങൾക്കും നിർദ്ദേശാനുസരണം ഉത്തരമെഴുതുക.
2. വ്യക്തതയും വാക്കുകളുടെ പരിധിയും പാലിക്കുക.

---

P. T. O.

I താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക: 10x2=20

1. വാചകവും ദ്യോതകവും തമ്മിലുള്ള വ്യത്യാസം എന്ത്?

2. സംബോധനക്ക് ശേഷം ഉപയോഗിക്കുന്ന ചിഹ്നം ഏതാണ്?

3. കുമാരനാശാൻറെ പ്രധാന കൃതികൾ ഏവ?

4. രാപ്പകൽ - വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക

5. വാക്യശുദ്ധി വരുത്തുക

   പലതവണ നിൻറെ അച്ഛനായ രാമൻ നായർ എൻറെ പക്കൽ നിന്ന് കടം വാങ്ങിയിട്ടുണ്ട്.

6. ബാലികേറാമല എന്ന ശൈലിയുടെ അർത്ഥം എന്താണ്?

7. അനുകല്പനം (Adaptation) എന്നാൽ എന്ത്?

8. എസ്.കെ പൊറ്റെക്കാട്ടിൻറെ മൂന്ന് യാത്രാവിവരണ കൃതികളുടെ പേരെഴുതുക.

9. നാടകാനുകരണത്തിന് തടയിടാൻ വേണ്ടി മുൻഷി രാമക്കുറുപ്പ് രചിച്ച നാടകം ഏതാണ്?

10. Slow and steady wins the race – ഇതിന് തത്തുല്യമായ മലയാളം പഴഞ്ചൊല്ല് ഏതാണ്?

II. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക: 4x5=20

11. പേരെച്ചം, വിനയെച്ചം – നിർവ്വചിച്ചുദാഹരിക്കുക.

12. ആട്ടക്കഥയിലെ ശ്ലോകവും പദവും തമ്മിലുള്ള വ്യത്യാസം എന്ത്?

13. "കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ

കൊല്ലിക്കയത്രേ നിനക്ക് രസമെടോ"– ആര്, ആരോട് പറഞ്ഞതാണിത്? ഏത് സന്ദർഭത്തിൽ? വ്യക്തമാക്കുക.

14. സ്വതന്ത്ര വിവർത്തനം (Free Translation) എന്നാൽ എന്ത്?

15. തിരുവാതിര, കന്മതിൽ - പരിച്ഛേദഴുതി സന്ധി നിർണ്ണയിക്കുക.

16. "എനിക്ക് ഒരുവകയായും ഭ്രാന്ത് ഇതുവരെ ഒന്നും ഉണ്ടായിട്ടില്ല"– ആരുടെ വാക്കുകളാണിത് ?സന്ദർഭമേത്? വ്യക്തമാക്കുക.

17. ഓണവുമായി ബന്ധപ്പെട്ട പരശുരാമ കഥ എന്താണ്?

III. താഴെ കൊടുത്തിരിക്കുന്നവയില് ഏതെങ്കിലും നാല് ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക: 4x8=32

18. പാട്ടും മണിപ്രവാളവും തമ്മിലുള്ള ഭാഷാപരമായ വ്യത്യാസമെന്താണ്?

19. ദളിത് സാഹിത്യം – കുറിപ്പെഴുതുക.

20. 'ഉപ്പ്' എന്ന കവിതയിലൂടെ കവി സംവേദനം ചെയ്യാൻ ശ്രമിക്കുന്ന ആശയം എന്താണ്?

21. ആശയ വിപുലനം ചെയ്യുക:

മൂത്തവർ ചൊല്ലും മുതുനെല്ലിക്കയും
ആദ്യം കയ്ക്കും പിന്നെ മധുരിക്കും

22. മഹാഭാരത യുദ്ധം തുടങ്ങുന്നതിന് മുമ്പ് കൗരവ പാണ്ഡവർ തമ്മിൽ ചെയ്ത കരാർ എന്തായിരുന്നു?

23. 'ഒരു പാട്ട് പിന്നെയും' എന്ന കവിതയിലെ പക്ഷി പരിസ്ഥിതി വിനാശത്തിൻറെ പ്രതീകമാകുന്നതെങ്ങനെ?

IV. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക. 2x10=20

24. മിഷനറിമാരുടെ ഭാഷാ സേവനങ്ങളെക്കുറിച്ച് വിവരിക്കുക.

25. പിതൃപുത്ര ബന്ധത്തിൻറെ ഊഷ്മളത 'തഹസീൽദാരുടെ അച്ഛന്' എന്ന കഥയിൽ ആവിഷ്കൃതമായിരിക്കുന്നതെങ്ങനെ?

26. മയ്യഴിക്കാരുടെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന നോവലിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് കണ്ടെത്തുക.

27. കേരളത്തിൻറെ നാടോടി കലാ പാരമ്പര്യത്തെക്കുറിച്ച് വിശദമാക്കുക.

V. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക: 1x8=8

Life after death has always fascinated mankind. Many sages and philosophers have dealt on it at length. No one is however the wiser. Be it Pope or pauper, a philosopher or a philanderer, no one is quite sure of what it is all about. It is indeed the mystery of mysteries.

Many books on like after death promised much only to disappoint. They have at best only described the twilight area between lie and death, mostly the feelings and impressions of people who had just recovered from the last stages of death and remained alive to tell the tale. The real situation after death however remains foggy as ever.